## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 91** — **03-02-2020-ൽ മറുപടിക്ക്.**

## സി-ഡിറ്റിന്റെ സ്പെഷ്യൽ റൂൾസ്

ചോദ്യം
ശ്രീ.ഷാഫി പറമ്പിൽ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി-ഡിറ്റിന്റെ സ്പെഷ്യൽ റൂൾസിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിലെ വിവിധ വകുപ്പുകളിലെ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചവരുടെ എണ്ണം വിശദമാക്കുമോ, അവർക്ക് നിശ്ചയിച്ച നൽകിയിരിക്കുന്ന ഏറ്റവും കുറഞ്ഞ വേതനവും കൂടിയ വേതനവും എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | സി-ഡിറ്റിലെ വിവിധ വകുപ്പുകളിലെ പ്രോജക്ടുകളിൽ 96 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നിശ്ചയിച്ച നൽകിയിരിക്കുന്ന കുറഞ്ഞ വേതനം 8000 രൂപയും കൂടിയ വേതനം 42,305 രൂപയും ആണ്. |
| (സി) | സി.എം.ഓ./സി.എം. വെബ്സൈറ്റ്/സോഷ്യൽ മീഡിയ എന്നീ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം കൂടാതെ പ്രതിമാസം ഇൻസെന്റീവ് നൽകി വരുന്നുണ്ടോ; 01.06.2016 മുതൽ 31.12.2019 വരെ എത്ര രൂപ ഇൻസെന്റീവായും ഓവർടൈമായും പ്രതിഫലം നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കൂടാതെ അധികസമയത്തെ ജോലിക്ക് പ്രതിമാസം ഇൻസെന്റീവ് നൽകുന്നുണ്ട്. 01.06.2016 മുതൽ 31.12.2019 വരെ നൽകിയ ഇൻസെന്റീവ് ചുവടെ ചേർക്കുന്നു.<br>1. സി.എം.വെബ്സൈറ്റ് & സോഷ്യൽ മീഡിയ – 24,06,584/- രൂപ<br>2. സി.എം.പി.ജി.ആർ.സി – 2,39,523/- രൂപ |

| | | | |
|---|---|---|---|
| (ഡി) | സി-ഡിറ്റിൽ നിന്നും സർക്കാരിലേക്ക് 128A1/Admn/2019/C-DIT നമ്പറിലുള്ള 30.05.2019 ലെയും അതെ നമ്പറിലുള്ള 15.10.2019 ലെയും കത്തുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഡി) | ഉണ്ട്. സി-ഡിറ്റിലെ ഡയറക്ടർ തസ്തികയിലേക്കുള്ള യോഗ്യതകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച കത്തിലെ വിഷയം സി-ഡിറ്റിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പരിശോധിച്ചു വരികയാണ്. |
| (ഇ) | സി-ഡിറ്റിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവില്ലാതെ ജയരാജ്.ജി എന്ന വ്യക്തി മൂന്നു മാസത്തോളം അഡ്വാൻസായും പ്രതിഫലമായും ശമ്പളം കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ? | (ഇ) | സി-ഡിറ്റ് രജിസ്ട്രാറായി വിരമിച്ചശേഷം ജയരാജിനെ മൂന്നുമാസം തുടരാൻ അനുവദിച്ചിരുന്നു. ഈ കാലയളവിലെ ശമ്പളം സർക്കാർ നിശ്ചയിച്ചു നല്കുമ്പോൾ അർഹതപ്പെട്ടതിൽ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കണമെന്ന നിബന്ധനയോടെ ശമ്പളം അഡ്വാൻസായി സി-ഡിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ